**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1669**

10.02.2020 ൽ മറുപടിയ്ക്ക്

# <u>എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വിഭജനം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, ടി.ജെ. വിനോദ്**<br>**,, വി.ഡി.സതീശൻ**<br>**,, എം. വിൻസെന്റ് :** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | എറണാകുളം ജില്ലയിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വിഭജിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ഹൈക്കോടതി മുമ്പാകെയുള്ള WP(C) 14852/2019(F) നമ്പർ കേസിന്റെ വിധി എന്തായിരുന്നുവെന്ന് അറിയിക്കാമോ; | (എ)<br>(ബി)<br>&<br>(സി) | എറണാകുളം ജില്ലയിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വിഭജിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ ഡോളർമാൻ കോമത്ത് എന്ന വ്യക്തി WP(C) 14852/2019 (F) എന്ന നമ്പരായി ഫയൽ ചെയ്തിരുന്ന കേസിൽ ബഹു. ഹൈക്കോടതി 07.01.2020 ൽ വിധി പുറപ്പെടുവിച്ചിരുന്നു. ഈ വിധി പുറപ്പെടുവിക്കുന്നതിന് മുൻപുള്ള വാദം കേൾക്കുന്ന വേളയിൽ സർക്കാർ അഭിഭാഷകൻ, വാർഡ് വിഭജനം നടത്തുവാൻ ആകില്ലായെന്ന നിലപാട് സ്വീകരിക്കുകയുണ്ടായില്ല. പഞ്ചായത്ത് വിഭജനം നടത്തുന്നത് പ്രായോഗികമല്ല എന്ന വാദമാണ് ഉന്നയിക്കുകയുണ്ടായത്. ഇതു സംബന്ധിച്ച് സർക്കാർ ഹൈക്കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടില്ല. ആയതിനാൽ 07.01.2020 ലെ വിധി |
| (ബി) | സെൻസസ് നടപടികൾ നടക്കുന്നതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്തുവാൻ ആകില്ലായെന്ന നിലപാട് സർക്കാർ അഭിഭാഷകൻ കോടതിയിൽ സ്വീകരിച്ചിരുന്നോയെന്നും അത് സർക്കാരിന്റെ | | |

| | | | |
|---|---|---|---|
| | നിലവിലുള്ള നിലപാടിന് അനുസൃതമായിരുന്നോയെന്നും വ്യക്തമാക്കാമോ; | | പുന:പരിശോധിക്കണമെന്ന് സർക്കാർ അഭിഭാഷകൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതി 07.01.2020 ലെ വിധിയിലെ ചില ഭാഗങ്ങൾ പുന:പരിശോധിക്കുകയും ആയത് തിരിച്ചെടുക്കുകയും ചെയ്തുകൊണ്ട് പുതുക്കിയ വിധി 24.01.2020 ന് പുറപ്പെടുവിച്ചിട്ടുണ്ട്. സാമ്പത്തിക ബാധ്യത പരിഗണിച്ചാണ് പഞ്ചായത്ത് വിഭജനം നടത്താത്തത് എന്നാണ് സർക്കാർ കോടതിയെ അറിയിച്ചത്. ഈ വാദം പരിഗണിച്ചാണ് പുതുക്കിയ വിധി പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | ഈ കേസിൽ സർക്കാർ ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ